(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ കൂടുന്ന വാർഡ്തല ഗ്രാമസഭകളിൽ സാംസ്കാരിക നയം വിശദീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മാനവീയം പ്രവർത്തനങ്ങളിൽ സർക്കാരിന്റെ സാംസ്ക്കാരികനയം പ്രചരിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടികെ. രാമകൃഷ്ണൻ) :

(എ, ബി) സർക്കാരിന്റെ സാംസ്കാരിക നയം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്ക്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക, ശില്പശാലകൾ സംഘടിപ്പിക്കുക, കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വീഡിയോ ചലച്ചിത്ര മേള, പുസ്തക പ്രദർശനം, നാടൻ കലാസംഗമങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാനവീയം സാംസ്കാരിക മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടികൾ സർക്കാരിന്റെ സാംസ്കാരിക നയവുമായി ബന്ധപ്പെട്ടവയാണ്.

സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാ പരിപാടി നടത്തുന്ന സെന്ററുകൾ

14 (*692) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ തുല്യതാ പരിപാടി ഏതൊക്കെ സെന്ററുകളിലാണ് നടക്കുന്നത് ;

(ബി) ഈ പരിപാടിക്ക് എവിടെ നിന്നെല്ലാമാണ് സഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാന സർക്കാർ ഇതിനാവശ്യമായ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സാക്ഷരതാമിഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ഇ) തുടർ വിദ്യാഭ്യാസ പരിപാടികളോടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലപാട് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സഹകരണവും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) ജനകീയാസൂത്രണ പദ്ധതിയുടെ സെക്ടറൽ അലോക്കേഷനിൽ തുടർ വിദ്യാഭ്യാസത്തിന് തുക വയിരുത്തുവാൻ പ്ലാനിംഗ് ബോർഡിൽ സമ്മർദ്ദം ചെലുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെന്ററുകൾ പ്രവർത്തിക്കുന്നു.

(ബി) ഈ പരിപാടിക്ക് ദേശീയ സാക്ഷരതാമിഷനിൽ നിന്നു മാത്രമാണ് സഹായം ലഭിക്കുന്നത്.

(സി) ആവശ്യമായി വരുന്ന പക്ഷം നടപടി സ്വീകരിക്കും.

(ഡി) സാക്ഷരതാമിഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിവിധ വിഷയങ്ങളിലായി 83 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. പൊതുവെ സഹായകമായ നിലപാടാണ്.

(എഫ്) നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ജി) അതിനുള്ള നിർദ്ദേശങ്ങൾ സാക്ഷരതാമിഷൻ സമർപ്പിച്ചാൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

മത്സ്യസംസ്കരണ കയറ്റുമതി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

15 (T *693) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യസംസ്ക്കരണ കയറ്റുമതി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly